ഉത്തരം

സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീടുകൾ ഇൻസിറ്റു. ബി.ഡി.സി.എച്ച്. പദ്ധതി പ്രകാരവും ഏജൻസികൾ നേരിട്ടുമാണ് വിടുകൾ നിർമ്മിച്ചു വരുന്നത്. അപകടമേഖലയിൽ താമസിക്കുന്നവരെയും വീടില്ലാത്തവരെയും ദൂരപരിധിയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകിയാണ് തെരഞ്ഞെടുക്കുന്നത്. ഏജൻസികളുമായി ഒപ്പുവച്ചിട്ടുള്ള കരാർ പ്രകാരം ടി വീടുകൾക്ക് ആറുമാസത്തിനുള്ളിൽ കേടുപാട് സംഭവിക്കുകയാണെങ്കിൽ ആയത് തീർക്കുന്നതിന് പദ്ധതി തുകയുടെ 2.5% നിലനിർത്തിയിട്ടുള്ളതല്ലാതെ ടി വീടുകൾക്ക് തുടർന്നും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടില്ല.

സുനാമി പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ അനുമതി നൽകാത്ത വീടുകൾ

159(861) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ 336 വീടുകൾക്കു ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം അനുമതി നൽകിയെങ്കിലും ആകെ അനുവദിച്ച വീടുകളിൽ ഏകദേശം 50 വീടുകൾക്ക് സാങ്കേതികകാരണങ്ങൾ പറഞ്ഞ് അനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ :

(ബി) അനുമതി നൽകാത്ത 50 വീടുകൾക്കും ഉടനെ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സുനാമി പുനരധിവാസ ഭവനനിർമ്മാണ പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളിൽ നിശ്ചിത ദൂരപരിധിക്ക് വെളിയിൽ താമസിക്കുന്നവരും 2004-ൽ ഉണ്ടായ സുനാമി ദുരന്ത സമയത്ത് ടി പ്രദേശത്ത് താമസമില്ലാതിരുന്നതുമായവരും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ കടന്നു കൂടിയിട്ടുള്ളവരെയാണ് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) ടി ഗുണഭോക്താക്കൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാലാണ് ഒഴിവാക്കിയിട്ടുള്ളത്.

ഒറ്റപ്പാലം മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുക

160 (862) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര രൂപ അനുവദിച്ചു എന്ന് വിശദീകരിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly